(സി) കാർഷിക മേഖലയിൽ അടിയന്തര പ്രാധാന്യമർഹിക്കുന്ന മടവീഴ്ച തടയൽ, എല്ലാ പാടശേഖരങ്ങളിലും സ്ഥിരം മോട്ടോർ സംവിധാനം തുടങ്ങിയവയ്ക്ക് പ്രത്യേക പരിഗണന നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മടവീഴ്ച തടയുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും അധികം വെള്ളം വറ്റിക്കുന്നതിനുമായി വെർട്ടിക്കൽ ആക്സിയാൽ പമ്പിംഗ് സംവിധാനത്തിനും കൂടിയാണ് നടപ്പുവർഷം 13.5 കോടി രൂപ വകയിരുത്തിയിട്ടുള്ളത്.

രണ്ടാം കുട്ടനാട് പാക്കേജ്

75 (1060) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

പ്രളയത്തിന്റെ ആഘാതത്തിൽനിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ട് രണ്ടാം കുട്ടനാട് പാക്കേജ് സർക്കാർ നടപ്പിലാക്കുന്നതാണ്.

(ബി) കുട്ടനാട്ടിലെ പ്രധാന പ്രശ്നങ്ങളായ മടവീഴ്ചയും വെള്ളപ്പൊക്കവും പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മടവീഴ്ച തടയുന്നതിനായുള്ള അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും അധികം വെള്ളം വറ്റിക്കുന്നതിനും വെർട്ടിക്കൽ ആക്സിയൻ പമ്പിംഗ് സംവിധാനത്തിനും 2020-21 വർഷത്തിൽ 20 കോടി രൂപയും 2021-22 വർഷത്തിൽ 13.5 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മടവീഴ്ച, വെള്ളപ്പൊക്കം എന്നിവയ്ക്ക് പരിഹാരമായി 'നദികൾക്ക് കൂടുതൽ ഇടം' (Room for Rivers) പദ്ധതി, പാടശേഖരങ്ങളുടെ കമ്പാർട്ട്മെന്റലൈസേഷൻ, കനാലുകളിലെ നീരൊഴുക്ക് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) വെള്ളപ്പൊക്ക ദുരിതം നീക്കാൻ ഹ്രസ്വ-ദീർഘകാല പദ്ധതികൾ, പുഴകളിലേയും കനാലുകളിലേയും എക്കലും ചെളിയും നീക്കാനുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. നീരൊഴുക്കിനെ തടസ്സപ്പെടുത്തുംവിധം നദികളിലും കനാലുകളിലും മറ്റും അടിഞ്ഞുകൂടുന്ന എക്കലും ചെളിയും കോരിമാറ്റി ജലവാഹക ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ലീഡിംഗ് ചാനലിൽ എക്കലും ചെളിയും കോരിമാറ്റുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രളയജലം വേഗത്തിൽ ഒഴുകിപ്പോകാൻ ഉതകുംവിധം തോട്ടപ്പള്ളി സ്പിൽവേയിലെ കടൽ മുഖത്ത് മണൽ നീക്കംചെയ്യ കഴിഞ്ഞിട്ടുണ്ട്.

(ഡി) കുട്ടനാട്ടിലെ പരിസ്ഥിതി പുനഃസ്ഥാപനത്തിനായി എന്തൊക്കെ പരിപാടികളാണ് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയിരുന്നത്; വിശദാംശം നൽകുമോ?

കുട്ടനാടിന്റെ പരിസ്ഥിതി പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട് നെൽകൃഷിയുടെ ഏകോപനവും അതുവഴി തണ്ണീർമുക്കം ബണ്ട് ഉണ്ടാക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ കേന്ദ്രം (IRTCBSF) കുട്ടനാടിനുവേണ്ടി അനുയോജ്യമായ കാർഷിക കലണ്ടർ തയാറാക്കുകയുണ്ടായി. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കുട്ടനാടിന്റെ വിവിധ മേഖലകളിൽ നെൽകൃഷിക്ക് ശാസ്ത്രീയവും സമയബന്ധിതവുമായ സമയക്രമം പാലിച്ച് നെൽകൃഷി ഏകോപിപ്പിക്കുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിനും കാർഷിക കലണ്ടർ പ്രയോജനപ്പെടും.

(ഇ) സർക്കാർ നടപ്പിലാക്കിവരുന്ന രണ്ടാം കുട്ടനാട് പാക്കേജിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

കുട്ടനാടിന്റെ വികസനത്തിനായി 2020-21 വർഷം 20 കോടി രൂപയും 2021-22 വർഷം 13.5 കോടി രൂപയും കാർഷിക മേഖലയിൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക ബണ്ട് നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അധിക വെള്ളം വറ്റിക്കുന്നതിനായി വെർട്ടിക്കൽ ആക്സിയൻ പമ്പിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും വേണ്ടിയാകുന്നു. ഈ രണ്ട് ഘടകങ്ങളുടെയും പ്രവർത്തനം പുരോഗമിക്കുന്നു.